**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 192** **07-06-2021 - ൽ മറുപടിയ്ക്ക്**

**ഒർക്കാട്ടേരി സി.എച്ച്.സി. യിലെ സ്റ്റാഫ് പാറ്റേൺ വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | ഒർക്കാട്ടേരി പി.എച്ച്.സി.യെ സി.എച്ച്.സി. ആയി ഉയർത്തിയിട്ടുണ്ടെങ്കിലും ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ ഇപ്പോഴും പഴയതു തന്നെയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിലവിൽ ഒർക്കാട്ടേരി സി.എച്ച്.സിയിൽ സിവിൽ സർജൻ-2 ഉം അസിസ്റ്റന്റ് സർജൻ -2 ഉം ഉൾപ്പെടെ ഡോക്ടർമാരുടെ 4 തസ്തികകൾ ഉണ്ട്. സ്റ്റാഫ് നഴ്സിന്റെ 2 തസ്തികകളും ലാബ് ടെക്നീഷ്യന്റെയും ഫാർമസിസ്റ്റിന്റെയും ഓരോ തസ്തികകളും നിലവിലുണ്ട്. പ്രസ്തുത ആശുപത്രിയിലെ തസ്തികകൾ അനുബന്ധമായി വച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിക്കായി അനുവദിക്കപ്പെട്ടിട്ടുള്ള സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ; | (ബി) | നിലവിൽ ഒർക്കാട്ടേരി സി.എച്ച്.സിയിൽ സിവിൽ സർജൻ-2 ഉം അസിസ്റ്റന്റ് സർജൻ -2 ഉം ഉൾപ്പെടെ ഡോക്ടർമാരുടെ 4 തസ്തികകൾ ഉണ്ട്. സ്റ്റാഫ് നഴ്സിന്റെ 2 തസ്തികകളും ലാബ് ടെക്നീഷ്യന്റെയും ഫാർമസിസ്റ്റിന്റെയും ഓരോ തസ്തികകളും നിലവിലുണ്ട്. പ്രസ്തുത ആശുപത്രിയിലെ തസ്തികകൾ അനുബന്ധമായി വച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ വർദ്ധിപ്പിച്ച് ഐ.പി. ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 5.30 കോടി രൂപയുടെ നബാർഡ് ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം പണിയുന്നതിന്റെ ഭാഗമായി നിലവിലുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയിട്ടുണ്ട്. നിലവിൽ ഒബ്സർവേഷൻ വാർഡ് മാത്രമാണ് ഉള്ളത്. അതിന്റെ ഒരു ഭാഗത്ത് പാലിയേറ്റീവ് വിഭാഗം നടത്തി വരുന്നു. മുൻപ് ഒ.പി പ്രവർത്തിച്ചിരുന്ന കെട്ടിടം പൊളിച്ചു മാറ്റിയത് കാരണം വാർഡിനായി നിർമ്മിച്ച സ്ഥലത്താണ് പബ്ലിക് ഹെൽത്ത് വിഭാഗവും ഒ.പിയും നടത്തി വരുന്നത്. നിലവിൽ കിടത്തി ചികിത്സ നൽകാൻ സ്ഥല പരിമിതി ഉണ്ട്. |

സെക്ഷൻ ഓഫീസർ